(എസ്കോട്ട്) പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനുവേണ്ടി ബോധവൽക്കരണ ക്ലാസ്സുകൾ, ലഘുലേഖകൾ തയ്യാറാക്കൽ, മാധ്യമങ്ങളിൽക്കൂടിയുള്ള ബോധവൽക്കരണ പരിപാടികൾക്ക് രൂപം നൽകൽ, പ്രദർശനങ്ങൾ തയ്യാറാക്കൽ മുതലായ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

വിവിധ മേഖലയിലുള്ള ഉപഭോക്താക്കൾക്ക് എനർജി ഓഡിറ്റിംഗ് നടത്തി ഊർജ്ജ സംരക്ഷണം പ്രാവർത്തികമാക്കുന്ന സംവിധാനവും എസ്കോട്ടിൽ നിലവിലുണ്ട്.

ഊർജ്ജക്ഷമതയുള്ള എൽ.ഇ.ഡി. ലൈറ്റുകൾ വ്യാപകമാക്കുക, ഐസ് പ്ലാന്റുകളിൽ ഊർജ്ജ സംരക്ഷണം നടത്തുന്നതിനുള്ള സാങ്കേതികസഹായങ്ങൾ നൽകുക കാർഷിക മേഖലയിലെ പമ്പിംഗ് സംവിധാനത്തിലെ ഊർജ്ജ സംരക്ഷണം, വിതരണ ലൈനുകളിലെ ഊർജ്ജ നഷ്ടം കുറയ്ക്കുന്നതിനുള്ള പദ്ധതികൾ, സർക്കാർ ആശുപത്രികളിൽ ഊർജ്ജക്ഷമതയുള്ള ഉപകരണങ്ങൾ സ്ഥാപിക്കൽ മുതലായവയും എസ്കോട്ടിന്റെ പ്രവർത്തനങ്ങളിൽപ്പെടുന്നു. കൂടാതെ, വൈദ്യുതി വിതരണ കമ്പനികളുടെ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ബി.ഇ.ഇ. നടത്തിവരുന്ന കപ്പാസിറ്റി ബിൽഡിംഗ് പദ്ധതിയിലും കെ.എസ്.ഇ.ബി. അംഗമാണ്.

(സി) ലാഭപ്രഭ 2013 പദ്ധതിയിൽ രജിസ്റ്റർ ചെയ്ത 13910 പേർക്ക് സി.എഫ്. ലാമ്പുകൾ സൗജന്യമായി നൽകി. ഏറ്റവും കൂടുതൽ വൈദ്യുതി ലാഭിച്ച 3857 ഉപഭോക്താക്കൾക്ക് സൗരോർജ്ജ റാന്തലുകൾ നൽകാൻ തീരുമാനിച്ചു. കാട്ടാക്കട, ഹരിപ്പാട് ഒഴികെയുള്ള ഇലക്ട്രിക്കൽ സർക്കിളുകളിൽ സൗരോർജ്ജ റാന്തലുകൾ എത്തിച്ചുവിതരണം ചെയ്തു. കാട്ടാക്കട, ഹരിപ്പാട് എന്നീ സർക്കിളുകളിൽ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

ലാഭപ്രഭ 2014 പദ്ധതിയിൽ രജിസ്റ്റർ ചെയ്ത 193000 പേർക്ക് സി.എഫ്. ലാമ്പുകൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു.

കണ്ണൂർ ജില്ലയിൽ ആർ.ജി.ജി.വി.വൈ. പദ്ധതി പ്രകാരം വൈദ്യുതീകരണം

39 (384) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആർ.ജി.ജി.വി.വൈ. പദ്ധതിപ്രകാരം വൈദ്യുതീകരണം നടത്തുന്നതിനുള്ള എത്ര അപേക്ഷകളാണ് കണ്ണൂർ ജില്ലയിൽ നിലവിലുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പദ്ധതി പ്രകാരം പയ്യന്നൂർ നിയോജകമണ്ഡലത്തിൽ എത്ര അപേക്ഷകർക്ക് വൈദ്യുതി ലഭിക്കാൻ ബാക്കിയുണ്ടെന്ന് സെക്ഷൻ അടിസ്ഥാനത്തിൽ വിശദമാക്കുമോ ;

(സി) പ്രസ്തുത അപേക്ഷകർക്ക് എപ്പോൾ വൈദ്യുതി നൽകാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിൽ ആർ.ജി.ജി.വി.വൈ. പദ്ധതി പ്രകാരം വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുവേണ്ടി അപേക്ഷിച്ച എല്ലാ അപേക്ഷകർക്കും വൈദ്യുതി കണക്ഷൻ നൽകുകയും പദ്ധതി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി &സി) അപേക്ഷകൾ ഒന്നുംതന്നെ ബാക്കിയില്ല.

വൈദ്യുതി ഉൽപ്പാദനവും ഉപഭോഗവും

40 (385) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വർഷാവർഷങ്ങളിൽ വൈദ്യുതി ഉപഭോഗത്തിൽ ഉണ്ടാകുന്ന വർദ്ധനവിനനുസരിച്ച് ഉല്പാദനം വർദ്ധനവ് സാദ്ധ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) ഉല്പാദനവും ഉപഭോഗവും തമ്മിലുള്ള അന്തരം എങ്ങനെ പരിഹരിക്കാൻ സാധിക്കുമെന്നാണ് കണക്കാക്കുന്നത് ;

(സി) ഉപഭോഗത്തിന് ആവശ്യമായ ഉല്പാദനം നടക്കാതെ വരുമ്പോൾ മറ്റ് സംസ്ഥാനങ്ങളിൽനിന്നും വൈദ്യുതി ലഭ്യമാക്കാൻ സാധിക്കാത്ത സാഹചര്യം നിലവിലുണ്ടോ ; എങ്കിൽ വിശദമാക്കാമോ ;

(ഡി) ഇത് പരിഹരിക്കാൻ വേണ്ട നടപടി സ്വീകരിക്കുന്നതിന് സാധിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly